# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . *324 — 13/10/2011 ൽ മറുപടിക്ക്

## ആന്റി പൈറസി സെൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ.എം.എ. വാഹീദ്:<br>ശ്രീ. എ.റ്റി. ജോർജ്: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ക്രൈംബ്രാഞ്ച് സി.ഐ.ഡി. വിഭാഗത്തിൽ ആന്റി പൈറസി സെൽ രൂപികരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) പകർപ്പവകാശ ലംഘനവുമായി ബന്ധപ്പെട്ട കേസുകളുടെ അന്വേഷണം, വിവരശേഖരണം, ഡാറ്റാ ബാങ്ക് രൂപീകരിക്കൽ, റെയ്ഡുകൾ നടത്തി പൈറസിയുടെ ഉറവിടങ്ങൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കൽ, ലോക്കൽ പോലീസിന്റെ അന്വേഷണത്തിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകൽ എന്നിവയാണ് ആന്റി പൈറസി സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ആയതിന്റെ പ്രവർത്തനരീതി എങ്ങനെയാണെന്ന് വ്യക്തമാക്കുമോ? | (സി) ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു ഡി.വൈ.എസ്.പി, രണ്ട് സബ് ഇൻസ്പെക്ടർമാർ മറ്റ് പോലീസുദ്യോഗസ്ഥർ എന്നിവരടങ്ങുന്നതാണ് ആന്റി പൈറസി സെൽ. ജില്ലകളിൽ ക്രൈംഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി ആന്റിപൈറസി സെല്ലിന്റെ നോഡൽ ഓഫീസറായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തുടനീളം വ്യാപകമായ റെയ്ഡുകൾ നടത്തി വ്യാജ സി.ഡികളും, ബുക്കുകളും മറ്റും കണ്ടെത്തി സീഷ്വർ മഹസ്സർ പ്രകാരം ബന്തവസ്സിലെടുത്ത് കുറ്റക്കാർക്കെതിരെ Copy Right Act 1957, IT Act, 2000 പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ